രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

പാഠം 4

# മാമ്മോദീസ ഈശോയിലുള്ള ജനനം




സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല (യോഹ 3:3).



ആദിമാതാപിതാക്കളുടെ പാപം മൂലം നാമെല്ലാം പാപാവസ്ഥയിലാണു ജനിക്കുന്നത്. ഈ പാപത്തിന്റെ സ്വാധീനം നന്മയിൽനിന്നു നമ്മെ അകറ്റുന്നു; തിന്മ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. ഈ പാപവസ്ഥയെ **ജന്മപാപമെന്നു** വിളിക്കുന്നു. ഈ അവസ്ഥയിൽ നിന്നും ദൈവമക്കൾ എന്ന അവസ്ഥയിലേക്കുള്ള ജനനമാണ് മാമ്മോദീസ എന്ന കൂദാശ നമുക്കു നൽകുന്നത്.





മാമ്മോദീസയിലൂടെ നാം ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നു. അതുവഴി ജന്മപാപത്തിൽനിന്നും കർമ്മപാപമുണ്ടെങ്കിൽ അതിൽനിന്നും നാം ശുദ്ധീകരിക്കപ്പെടുന്നു.

മാമ്മോദീസാ എന്ന വാക്കിന്റെ അർത്ഥം **മുങ്ങുക** അഥവാ **സ്നാനം** ചെയ്യുക എന്നാണ്

ജന്മപാപത്തിൽനിന്നും കർമ്മപാപം ഉണ്ടെങ്കിൽ അതിൽനിന്നും മോചിച്ച് നമ്മെ ദൈവമക്കളും സഭയുടെ അംഗങ്ങളും സ്വർഗത്തിന് അവകാശികളുമാക്കുന്ന കൂദാശയാണ് മാമ്മോദീസ.



മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് ദൈവാലയകവാടത്തിങ്കൽ വച്ചാണ്. അവിടെവച്ച് കാർമ്മികൻ മാമ്മോദീസാർത്ഥിയോടു ചോദിക്കുന്നു:



കാർമ്മി: പിശാചിന്റെ അടിമത്തത്തിൽനിന്ന് മോചിതനാകാൻ (മോചിതയാകാൻ) നീ ആഗ്രഹിക്കുന്നുവോ ?

ഉത്തരം: ആഗ്രഹിക്കുന്നു

കാർമ്മി: പാപവും പാവമാർഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ?

ഉത്തരം: ഉപേക്ഷിക്കുന്നു.

കാർമ്മി: ഈശോമിശിഹായെ നിന്റെ രക്ഷകനായി നീ സ്വീകരിക്കുന്നുവോ?

ഉത്തരം: സ്വീകരിക്കുന്നു.

തുടർന്ന് കാർമ്മികൻ അർത്ഥിയെ തൈലം പൂശുന്നു.

അതിനുശേഷം കാർമ്മികൻ അർത്ഥിയെസഭയിലേയ്ക്ക് സ്വീകരിക്കുന്നതിന്റെ പ്രതീകമായി ദൈവാലയത്തിനകത്തേക്ക് പ്രവേശിപ്പിക്കുന്നു.

ഒന്നാമത്തെ തൈലം പൂശൽ - വിശുദ്ധീകരണം

രാമത്തെ തൈലം പൂശൽ - ആത്മാവിലുള്ള ജനനം.

തലയിൽ വെള്ളം ഒഴിക്കൽ - നാം പാപത്തിന് മരിച്ച് ഈശോയിൽ ജനിക്കുന്നു.

മൂന്നാമത്തെ തൈലം പൂശൽ - ആത്മാഭിഷേകം.

വെള്ളവസ്ത്രം ധരിപ്പിക്കൽ - കൃപാവരത്തിന്റെ പുതുജീവിതം.

കത്തിച്ചതിരി നൽകൽ - ലോകത്തിന്റെ പ്രകാശമാണെന്നതിന്റെ പ്രതീകം.

മാമ്മോദീസവഴി ദൈവികജീവനിൽ പങ്കുചേർന്ന് എല്ലാവരും ദൈവമക്കളാകണമെന്ന് ഈശോ ആഗ്രഹിച്ചു. അവിടുന്ന് ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു: ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ

(മത്താ 28:19)



# മാമ്മോദീസയുടെ ഫലങ്ങൾ

പാപമോചനം ലഭിക്കുന്നു

ദൈവികജീവൻ ലഭിക്കുന്നു

ദൈവമക്കളായിത്തീരുന്നു

സഭാംഗങ്ങളായീത്തീരുന്നു

സ്വർഗത്തിനവകാശികളായിത്തീരുന്നു



# നമുക്കു പാടാം



ജ്ഞാനസ്നാനജലത്താലേ

നിർമ്മലരാക്കുക ഞങ്ങളെ നീ

നിത്യം ദൈവികതിരുനാമം

മഹിമയണിഞ്ഞു വിളങ്ങട്ടെ.

# നമുക്കു പ്രാർത്ഥിക്കാം

**ജലത്താലും അരൂപിയാലും മിശിഹായുടെ ശരീരത്തിലെ അംഗങ്ങളാകുവാൻ ഞങ്ങളെ അനുഗ്രഹിച്ച ദൈവമേ, ഞങ്ങളിലുള്ള ദൈവികജീവൻ നഷ്ടപ്പെടാതെ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

# നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(യോഹ.3:1-8)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല**

(യോഹ 3:5).

# എന്റെ തീരുമാനം

**വിശ്വാസപ്രമാണം ഞാൻ മനഃപാഠമാക്കും**

# നമുക്കു ആടാം പാടാം



മാമ്മോദീസാമുങ്ങും നേരം
ദൈവമക്കളാകും നമ്മൾ
പാപമേതുംനീങ്ങി നമ്മൾ ശുദ്ധരാകുന്നു
ദൈവാത്മാവിൻ ശുദ്ധിയേകി
ദൈവികമാം ജീവൻ നൽകി
സഭാമക്കളാക്കി നമ്മെ മാറ്റീടുന്നീശോ
വിശ്വാസത്തിൻ ദാനം നൽകി
ദൈവികമാം സ്നേഹം നൽകി
ഹൃത്തിൽ മായാമുദ്രപതിച്ചു മാമ്മോദീസായിൽ
നന്മചെയ്തു ജീവിച്ചീടാൻ
സ്വർഗഗേഹേ ചെന്നുചേരാൻ
കൃപയും നല്കി വരവും നൽകി സ്വർഗീയതാതൻ

Thank you